**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1751** **13-02-2025 - ൽ മറുപടിയ്ക്ക്**

**വയോജന കമ്മീഷന്റെ രൂപീകരണവും പ്രവർത്തനങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും മാർഗ്ഗനിർദ്ദേശം നൽകുക, വയോജനങ്ങൾക്ക് പുനരധിവാസവും നിയമസഹായവും നൽകുക തുടങ്ങിയ ലക്ഷ്യങ്ങളോടെ വയോജന കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനും വയോജനങ്ങളുടെ പുനരധിവാസം സാധ്യമാക്കുന്നതിനും അവരുടെ കഴിവുകൾ പൊതു സമൂഹത്തിന് ഉപയുക്തമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായും ഒരു വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനായി 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.ഈ നിയമസഭാ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. |
| (ബി) | നിലവിലുള്ള വയോജന ക്ഷേമ പദ്ധതികൾ വിപുലമാക്കുന്നതിനും അതിന്റെ നേട്ടം കൂടുതൽ പേരിലേയ്ക്ക് എത്തിക്കുന്നതിനും വയോജന കമ്മീഷന്റെ രൂപീകരണം എത്രത്തോളം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ? | (ബി) | വയോജനകമ്മീഷൻ ബിൽ അദ്ധ്യായം 3 പ്രകാരം വയോജന കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും നിശ്ചയിച്ച് നല്കിയിട്ടുണ്ട്. അതുപ്രകാരം ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതും സഹായിക്കുന്നതും അവർക്ക് പുനരധിവാസം ആവശ്യമുള്ളിടത്ത് സർക്കാരുമായി സഹകരിച്ച് അത് സാദ്ധ്യമാക്കുന്നതും എന്തെങ്കിലും തരത്തിലുള്ള നിയമസഹായം ആവശ്യമുള്ളിടത്ത് ആയത് ലഭ്യമാക്കുന്നതും വയോജനങ്ങളുടെ കഴിവുകൾ പൊതു സമൂഹത്തിന് ഉപയുക്തമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതും സർക്കാർ അതതുകാലങ്ങളിൽ ഏല്പിച്ചുനൽകുന്ന അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതും കമ്മീഷന്റെ കർത്തവ്യമായി നിശ്ചയിച്ചിട്ടുണ്ട്. കമ്മീഷൻ നിലവിൽ |

| | | | |
|---|---|---|---|
| | | | വരുന്നതോടെ വയോജനക്ഷേമത്തിനുള്ള ഇത്തരം പ്രവർത്തനങ്ങൾ കമ്മീഷന് ഏറ്റെടുക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ